**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6588** **11-07-2024 - ൽ മറുപടിയ്ക്ക്**

**പുന്നമട, കോടതിപ്പാലം, മുപ്പാലം ഇവയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ ജില്ലയിലെ പുന്നമടപ്പാലം, കോടതിപ്പാലം, മുപ്പാലം ഇവയുടെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതിയും പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ? | (എ) | **മുപ്പാലം പാലം**<br><br>ആലപ്പുഴ ബീച്ചിനോട് ചേർന്നുള്ള വാടക്കനാലിനും കൊമേഴ്സ്യൽ കനാലിനും കുറുകെയാണ് മുപ്പാലം പുനർനിർമ്മിക്കുന്നത്. പാലത്തിന്റെ പ്രവൃത്തിക്ക് 27.11.2019 തീയതിയിലെ സർക്കാർ ഉത്തരവ് നം.1389/2019/പൊമവ പ്രകാരം 17.44 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പിന്നീട് ജി എസ് ടി യിൽ വന്ന മാറ്റം ഉൾക്കൊള്ളിച്ച് 02.08.2023 തീയതിയിലെ സ.ഉ.(സാധാ) നം. 1064/2023/ പൊമവ പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പിന്നീട് പ്രസ്തുത പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകുകയും, പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതുമാണ്. 23 മീറ്റർ നീളവും ഇരുവശങ്ങളിലും ഫുട് പാത്തും ഉൾപ്പെടെ 11 മീറ്റർ വീതിയിലുള്ള 3 പാലങ്ങളും, 26 മീറ്റർ നീളവും ഇരുവശങ്ങളിലും ഫുട്പാത്തുമുള്ള ഒരു പാലവും ഉൾപ്പെടെ 4 പാലങ്ങൾ ആണ് പുനർ നിർമ്മിക്കുന്നത്. മുപ്പാലം നിർമ്മാണ പ്രവൃത്തിയിൽ നിലവിലുണ്ടായിരുന്ന മൂന്ന് പാലങ്ങളും പൊളിച്ചുനീക്കി പുതിയ പാലത്തിനായുള്ള 39 പൈലുകൾ, 7 പൈൽ ക്യാപ്പുകൾ, 24 പിയറുകൾ, 12 പിയർ ക്യാപ്പുകൾ, അബട്ട്മെന്റ് വാൾ എന്നിവയുടെ നിർമ്മാണം സൈറ്റിൽ പൂർത്തീകരിച്ചു. ആകെയുള്ള 36 പ്രീ കാസ്റ്റ് ബീമുകൾ നിർമ്മിച്ച് അവയുടെ ലോഞ്ചിങ് നടപടികൾ പൂർത്തിയാക്കി 4 പാലങ്ങളുടെയും സ്ലാബ് കോൺക്രീറ്റിംഗ്, ഓവൽ മാതൃകയിലുള്ള ഫുട്പാത്ത് സ്ലാബിന്റെ കോൺക്രീറ്റിംഗ് എന്നിവ സൈറ്റിൽ പൂർത്തീകരിച്ചിട്ടുണ്ട്. പാലത്തിന്റെ വശങ്ങളിലുള്ള റീറ്റെയ്നിങ് വാൾ, തോട് സംരക്ഷണ ഭിത്തി, അപ്രോച്ച് റോഡ്, ഹാൻഡ് റെയിൽസ്, പാലത്തിന്റെ പെയിന്റിംഗ് അടക്കമുള്ള ഫിനിഷിങ് ജോലികൾ എന്നിവയാണ് ഇനി പൂർത്തിയാക്കുവാനുള്ളത്. അത് |

പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**പുന്നമട നെഹ്റു ട്രോഫി പാലം**

പ്രസ്തുത പ്രവൃത്തിയ്ക്കായി 30.10.2016 തീയതിയിലെ GO(Rt) No. 1496/2016/PWD പ്രകാരം 25 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. തുടർന്ന് 11.10.2023 തീയതിയിലെ കിഫ്ബി ഉത്തരവ് പ്രകാരം 57.40 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. 06.01.2024 തീയതിയിൽ 57.12 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 03.02.2024-ൽ പദ്ധതി ടെൻഡർ ചെയ്യുകയും ചെയ്തു. തുടർന്ന് 06.06.2024-ൽ നടന്ന 51-ാമത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ ടെൻഡർ അംഗീകരിക്കുകയും കമ്മിറ്റി നിർദ്ദേശപ്രകാരം സർക്കാരിൽ നിന്നും 57.40 കോടി രൂപയുടെ ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 16.05.2024 തീയതിയിൽ പ്രോജക്റ്റ് ഡയറക്ടർ പി.എം.യു. - കെ ആർ എഫ് ബി സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. നിലവിൽ ഏറ്റെടുത്ത ഭൂമിയിലെ കെട്ടിടങ്ങൾ പൊളിച്ചു നീക്കുന്ന പ്രവൃത്തി അവസാന ഘട്ടത്തിലാണ്. പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് യൂട്ടിലിറ്റി ഷിഫ്റ്റിംഗിനായി KWAക്കും KSEBക്കും ഫണ്ട് കൈമാറിയിട്ടുണ്ട്.

**ജില്ലാ കോടതി പാലം നിർമ്മാണം**

പ്രസ്തുത പ്രവൃത്തിക്കായി 31.10.2016 തീയതിയിലെ GO(Rt) No. 1496/2016/PWD പ്രകാരം 20 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. 26.02.2021 തീയതിയിലെ കിഫ്ബി ഉത്തരവ് പ്രകാരം 120.52 കോടി രൂപയുടെ പുതുക്കിയ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചു. 21.12.2023 തീയതിയിൽ 120.03 കോടി രൂപയുടെ സാങ്കേതികാനുമതി നൽകി 02.02.2024 നു പദ്ധതി ടെൻഡർ ചെയ്യുകയും ചെയ്തു. തുടർന്ന് 06.06.2024-ൽ നടന്ന 51-ാമത്തെ ടെൻഡർ അപ്രൂവൽ കമ്മിറ്റിയിൽ ടെൻഡർ അംഗീകരിക്കുകയും കമ്മറ്റി നിർദ്ദേശപ്രകാരം സർക്കാരിൽ നിന്നും 120.52 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള പ്രൊപ്പോസൽ 16.05.2024 തീയതിയിൽ പ്രോജക്റ്റ് ഡയറക്ടർ പി.എം.യു. - കെ ആർ എഫ് ബി സമർപ്പിച്ചിട്ടുള്ളത് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലാണ്. പാലം നിർമ്മാണത്തിന് വേണ്ടി ഏറ്റെടുത്ത സ്ഥലത്തെ കെട്ടിടങ്ങൾ പൂർണമായി പൊളിച്ചു നീക്കിയിട്ടുണ്ട്. കനാലിന്റെ ഇരുവശങ്ങളിലും

| | | | |
|---|---|---|---|
| | | | ഉള്ള 79 മരങ്ങളിൽ 72 ഓളം മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. തെക്കേക്കരയിൽ സർക്കാർ പുറമ്പോക്ക് ഭൂമിയിൽ സ്ഥിതിചെയ്യുന്ന ആലപ്പുഴ മുനിസിപ്പാലിറ്റിയുടെ വക കടകളിൽ കച്ചവടം ചെയ്യുന്ന 14 കച്ചവടക്കാരും കനാലിന് വടക്കേക്കരയിൽ SDV സ്കൂൾ വക കടകളിൽ കച്ചവടം ചെയ്തിരുന്ന രണ്ട് കച്ചവടക്കാരും ചേർന്ന് (ആകെ 16 പേർ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(c) 37114/2022 case തീർപ്പാക്കാത്തതിനാൽ പുറമ്പോക്ക് ഭൂമിയിലെ കടകൾ പൊളിച്ചുമാറ്റുന്നതിനും ആ ഭാഗത്തെ ഏഴ് വൃക്ഷങ്ങൾ മുറിച്ചു മാറ്റുന്നതിനും സാധ്യമായിട്ടില്ല. ഈ റിട്ട് പെറ്റീഷന്റെ ഹിയറിങ് കഴിഞ്ഞ ഏതാനും മാസങ്ങളിലായി പലതവണയായി മാറ്റിവയ്ക്കുകയും 15/07/2024 ന അടുത്ത ഹിയറിങ് പോസ്റ്റ് ചെയ്തിരിക്കുകയുമാണ്. കോടതിയിൽ നിന്നും അന്തിമ തീരുമാനം ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ